CCM( 17) – 2012-13

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി

**16.01.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8.15-ന് ബഹു. നഗരകാര്യ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ സെക്രട്ടേറിയറ്റ് സൗത്ത് കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. പഞ്ചായത്ത് വകുപ്പ്മന്ത്രിയും സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 10.01.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 2012-13 വാർഷിക പദ്ധതി അംഗീകാരവും നിർവഹണവും

2.1.1 സംസ്ഥാനത്തൊട്ടാകെ 1209 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 8531 കോടി രൂപ മൊത്തം അടങ്കലുള്ള 187872 പ്രോജക്ടുകളുടെ ഡാറ്റാഎൻട്രി പൂർത്തിയാക്കിയിട്ടുണ്ട്. ഇവയിൽ 179701 പ്രോജക്ടുകളുടെ വെറ്റിംഗ് പൂർത്തീകരിച്ചു. ഇവയുടെ അടങ്കൽ 7901 കോടി രൂപയാണ്. ഇവയിൽ 886 തദ്ദേശഭരണ സ്ഥാപനങ്ങളുടെ 130454 പ്രോജക്ടുകൾക്ക് ബന്ധപ്പെട്ട ജില്ലാ ആസൂത്രണ സമിതികൾ അംഗീകാരം നൽകി. അവയുടെ അടങ്കൽ 5286 കോടി രൂപയാണ്.

2.1.2 നിർവഹണ പുരോഗതി പരിശോധിക്കുമ്പോൾ 80 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 258 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട് ഇവയ്ക്ക് ഇതുവരെ 929 ലക്ഷം രൂപ ചെലവ് ഉണ്ടായിട്ടുണ്ട്. 'സാംഖ്യ' സോഫ്ട് വെയർ സ്ഥാപിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നു മാത്രം ലഭ്യമായ കണക്കാണിത്. അതിനാൽ യഥാർത്ഥ ചെലവ് ഇതിനേക്കാൾ വളരെ ഉയർന്നതായിരിക്കും.

2.1.3 ഈ വർഷം മാർച്ച് 1-നകം 'സാംഖ്യ' സോഫ്റ്റ് വെയർ സ്ഥാപിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്ന് 5 ശതമാനം തുക കുറവു ചെയ്യാൻ തീരുമാനിച്ചു.

2.1.4 അടുത്ത ആഴ്ച മുതൽ കോഓർഡിനേഷൻ കമ്മിറ്റിയോഗം ക്യാബിനറ്റ് ദിവസങ്ങളിൽ ഉച്ചയ്ക്കുശേഷം 3 മണിക്ക് നടത്താൻ തീരുമാനിച്ചു.

3. **പ്രത്യേക വിഷയങ്ങൾ**

**3.1 ക്ഷീര കർഷകരുടെ പ്രശ്നങ്ങൾ (ഫയൽ നം.71708/ഡി.എ1/12/തസ്വഭവ)**

**തീയതി. 16.01.2013**

ക്ഷീര വികസന മേഖലയുമായി ബന്ധപ്പെട്ട് പ്രാദേശിക പദ്ധതി രൂപീകരണ - നിർവഹണ പ്രശ്നങ്ങൾ പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കിയശേഷം അടുത്ത വാർഷിക പദ്ധതി (2013-14) രൂപീകരണത്തിന് പരിഗണിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 ഭവന നിർമ്മാണ സഹായം ബഹു. നഗരകാര്യവകുപ്പ് മന്ത്രിയുടെ കുറിപ്പ് തീയതി.16.01.2013**

ഇ.എം.എസ് ഭവന പദ്ധതിയിൽ ഭവന നിർമ്മാണ ധനസഹായത്തിനുള്ള തറ വിസ്തീർണ്ണത്തിന്റെ ഉയർന്ന പരിധി 60 ച.മീറ്റർ എന്നത് ഒഴിവാക്കാനാകാത്ത സാഹചര്യത്തിൽ, പണി പൂർത്തിയാക്കിയിട്ടില്ലാത്ത വീടുകൾക്ക് ഉയർന്ന പരിധിയുടെ 10% വരെ ഇളവ് നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭരണ സമിതിക്ക് തീരുമാനമെടുക്കാവുന്നതാണ്. നാല് ഇൻസ്റ്റാൾമെന്റും നൽകിയിട്ടില്ലാത്ത കേസുകൾക്കാണ് ഈ ഇളവ് ബാധകമാകുന്നത്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 നെയ്യാറ്റിൻകര നഗരസഭ (ഫയൽ നം.72535/ഡി.എ1/12/തസ്വഭവ)**

**തീയതി.16.01.2013**

നെയ്യാറ്റിൻകര നഗരസഭയിൽ പ്ലാൻ കോഓർഡിനേറ്ററായി ജോലി ചെയ്തുവരുന്ന ഉദ്യോഗസ്ഥന്റെ ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിക്കുന്നതു സംബന്ധിച്ച് വകുപ്പുതലത്തിൽ തീരുമാനം കൈക്കൊള്ളാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി – വാർഷിക വിശകലനം ‘കില’യുടെ മാർഗനിർദ്ദേശങ്ങൾ തീയതി.16.01.2013**

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ രണ്ടാം വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച് ‘കില’ തയ്യാറാക്കിയ കരട് മാർഗനിർദ്ദേശങ്ങൾ അടുത്ത യോഗത്തിൽ വിശദമായി ചർച്ച ചെയ്യുന്നതിനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**(യോഗം രാവിലെ 9.15–ന് അവസാനിച്ചു)**